**ഫോറം നമ്പർ 10**
***21(16) ചട്ടം കാണുക***
**(സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം)**

റഫ് നം. DCKNR/10390/2017/സി1

താഴെ പട്ടികയിൽ വിവരിച്ച ഭൂമിയെ സംബന്ധിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം 25.02.2020 തിയതിയിലെ അസാധാരണ ഗസറ്റ് നമ്പർ 637 ലെ സർക്കാർ ഗസറ്റിലും 29.05.2020 തിയതിയിലെ കേരള കൌമുദി ദിനപത്രത്തിലും 19.06.2020 തിയതിയിലെ ദേശാഭിമാനി ദിനപത്രത്തിലും പ്രസിദ്ധീകരിച്ചതിനാലും:

താഴെ പട്ടികയിൽ വിവരിച്ച ഭൂമി ഒരു പൊതു ആവശ്യത്തിനായി പൊന്നുംവിലക്ക് ഏറ്റെടുക്കേണ്ടതുണ്ടെന്ന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം വകുപ്പ് 15 ഉപവകുപ്പ് (1) പ്രകാരം സ്ഥലമെടുപ്പ് ആഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പരിഗണിച്ച് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാ കലക്ടർക്ക് ബോധ്യപ്പെട്ടതിനാലും:

ഇപ്പോൾ തൻമൂലം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 19-ാം വകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവരിച്ചതും ഏകദേശം 0.8700 ഹെക്ടർ, അതിൽ അല്പം കൂടുതലോ കുറവോ, വിസ്തീർണ്ണം വരുന്നതുമായ ഭൂമി ഒരു പൊതുആവശ്യത്തിന്, അതായത് പാട്യം ഗ്രാമപഞ്ചായത്തിലെ പാട്യം അംശം ദേശത്ത് കൊട്ടയോടിയിൽ വാഗ്ഭടാനന്ദ സംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും അവശ്യമുണ്ടെന്ന് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാ കലക്ടർ ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത ഭൂമി പൊന്നുംവിലക്കുന്നതിനായുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനായി പൊന്നും വില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ എ),തലശ്ശേരി എന്ന ആളിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ (എൽ എ),തലശ്ശേരിയുടെ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ആഫീസ് പ്രവർത്തിസമയത്ത് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാകുന്നു.

**DISTRICT COLLECTOR**
**ജില്ലാ കലക്ടർ, കണ്ണൂർ**

പട്ടിക 1
**പൊന്നുംവില ഭൂമിയുടെ വിവരണം**

*ജില്ല* - കണ്ണൂർ
*താലൂക്ക്* - തലശ്ശേരി

*വില്ലേജ്* - പാട്യം
*ദേശം* - പാട്യം

| *ക്രമ നമ്പർ* | *ബ്ലോക്ക്* | *റി. സർവ്വെ നമ്പർ* | *എൽ എ സബ് ഡിവിഷൻ* | *വിവരണം* | *വിസ്തീർണ്ണം (ഹെ. ആർ, ച.മീ.)* | *റിമാർക്സ്* |
|---|---|---|---|---|---|---|
| 1 | - | 24/105(24/3 അടിസ്ഥാന സർവ്വെ) | 24/10 | നഞ്ച | 0.0910 | |

| | | | | | | |
|---|---|---|---|---|---|---|
| 2 | – | 25/133, 25/131 (25/3 അടിസ്ഥാന സർവ്വെ) | 25/8 | തോട്ടം | 0.7790 | |

**ആകെ മൊത്തം – 0.8700 ഹെക്ടർ**

പട്ടിക 2

**പുനരധിവാസ ഭൂമിയെ സംബന്ധിച്ച വിവരണം**

| *ക്രമ നമ്പർ* | *വസ്തുവിന്റെ വിവരണം* | *ഏകദേശ വിസ്തീർണ്ണം* |
|---|---|---|
| | പുനരധിവാസം പുനഃസ്ഥാപനം ആവശ്യമായി വരുന്നില്ല. | |

പട്ടിക 3

**പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതിയുടെ ചുരുക്കം**

| *ക്രമ നമ്പർ* | *വസ്തുവിന്റെ വിവരണം* | *ഏകദേശ വിസ്തീർണ്ണം* |
|---|---|---|
| | പുനരധിവാസം പുനഃസ്ഥാപനം ആവശ്യമായി വരുന്നില്ല. | |

**DISTRICT COLLECTOR**
**ജില്ലാ കലക്ടർ, കണ്ണൂർ**

കലക്ടറേറ്റ്,കണ്ണൂർ

Signature valid

Digitally signed by SUBHASH T V
Date: 2020.08.05 1?:04:23 IST
Reason: Approved